**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1978** **14-10-2024 - ൽ മറുപടിയ്ക്ക്**

**സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കാറ്റഗറി നമ്പർ 537/2022 പ്രകാരമുള്ള സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റിൽ നിന്നും പരമാവധി ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; | (എ) | പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ 01.06.2024 വരെ ഉണ്ടായിരുന്ന എല്ലാ ഒഴിവുകളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതാണ്. 537/2022 പോലീസ് കോൺസ്റ്റബിൾ റാങ്ക് പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് വേണ്ടി താൽകാലിക പരിശീലന തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റാങ്ക് ലിസ്റ്റിന്റെ കാലാവധിയിൽ വരുന്ന ഒഴിവുകൾ കൃത്യമായി അവലോകനം ചെയ്ത് സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുന്നതാണ് |
| (ബി) | സി.പി.ഒ. മാരുടെ വരുംവർഷത്തെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി റിപ്പോർട്ട് ചെയ്യുന്നതിനും, അതിന്റെ അടിസ്ഥാനത്തിൽ റിക്രൂട്ട്മെന്റ്/ട്രെയിനിംഗ് ക്രമീകരിക്കുന്നതും സംബന്ധിച്ചുള്ള ഫയൽ പരിഗണനയിലുണ്ടോ; | (ബി) | 01/06/2024 മുതൽ 01/06/2025 വരെ വിരമിക്കൽ മൂലം ഉണ്ടാകാൻ സാധ്യത ഉള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്ത് മുൻകൂറായി നിയമനം നടത്തി പരിശീലനം ആരംഭിക്കുന്നതിനു വേണ്ടി തത്തുല്യമായ എണ്ണം താത്കാലിക പരിശീലന തസ്തികകൾ സൃഷ്ടിക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. |
| (സി) | എങ്കിൽ പ്രസ്തുത ഫയൽ എത്രയുംവേഗം തീരുമാനം കൈക്കൊണ്ട് പരമാവധി സി.പി.ഒ. മാർക്ക് നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | 01/06/2024 മുതൽ 01/06/2025 വരെ വിരമിക്കൽ മൂലം ഉണ്ടാകാൻ സാധ്യത ഉള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്ത് മുൻകൂറായി നിയമനം നടത്തി പരിശീലനം ആരംഭിക്കുന്നതിനു വേണ്ടി തത്തുല്യമായ എണ്ണം താത്കാലിക പരിശീലന തസ്തികകൾ സൃഷ്ടിക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ